# സംഭാഷണം

**ഡോ. എ.കെ. ജയശ്രീ/ഡോ. കെ. പി. ഗിരിജ**

ഡോ. കെ.പി. ഗിരിജ ഷിംലയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസില് ഫെലോ ആണ്

ഇത് ഡോ. എ. കെ. ജയശ്രീയുമായി നടന്ന ഒരു സൗഹൃദ സംഭാഷണമാണ്. കൃത്യമായ തുടർച്ചയോ ഘടനയോ ഇല്ലാതെ, അതുണ്ടാക്കാൻ ശ്രമിക്കാതെതന്നെ നടന്ന സൗഹൃദസംഭാഷണം. ഇപ്പോഴും അതിന്റെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അത് പ്രസിദ്ധീകരണത്തിനായി വെയ്ക്കുന്നു. കേരളത്തിൽ 1980-കൾ മുതൽക്കുണ്ടായ പല രാഷ്ട്രീയ-സാംസ്കാരികസംവാദങ്ങളും ചലനങ്ങളും ഡോ.ജയശ്രീയുടെ ജീവിത പശ്ചാത്തലത്തിലൂടെ നമുക്കനുഭവവേദ്യമാക്കുന്നുണ്ടിവിടെ.

1980-കളിൽ എം.ബി.ബി.എസ്സിനു പഠിക്കുന്ന കാലം, വിവാഹത്തിനോടൊന്നും യോജിപ്പുണ്ടായിരുന്നില്ല. നടരാജഗുരുവിന്റെയും മറ്റും പുസ്തകങ്ങൾ വായിച്ചിരുന്നു. സംസ്കൃതം പഠിച്ചിരുന്നു. സയൻസ് ഇഷ്ടവുമായിരുന്നു. സംസ്കൃതത്തിന്റെ ലോകമൊന്ന്, ആധുനികശാസ്ത്രത്തിന്റേത് മറ്റൊന്ന്. ഒരു ഏകീകൃതസംവിധാനം ഉണ്ടായിരുന്നില്ല. എന്നെ അലട്ടിയത് ആധുനികശാസ്ത്രത്തിന്റെയും പരമ്പരാഗതജ്ഞാനങ്ങളുടെയും വിടവ് എങ്ങനെ നികത്താമെന്നതായിരുന്നു.

ആൺകുട്ടികൾക്ക് കൂടുതൽ മുൻഗണന ലഭിയ്ക്കുന്നതിഷ്ടമായിരുന്നില്ല. എന്നാലവരോട് ആകാംക്ഷ തോന്നിയുരുന്നുതാനും. അവരുടെ ആ പ്രകടനം ഇഷ്ടവുമായിരുന്നില്ല. ഇത്തരം വൈരുദ്ധ്യം ജീവിതത്തിലെപ്പോഴുമുണ്ടാകും. നാരായണഗുരുവിന് രണ്ടുവശമുണ്ടായിരുന്നു—സാമൂഹ്യമാറ്റത്തിന്റെ പാരമ്പര്യവും ബൗദ്ധികമായ പാരമ്പര്യവും. ഇതിൽ രണ്ടാമത്തെതായിരുന്നു നടരാജഗുരുവിന്റെ വഴി. സംന്യാസം എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു. ഈയൊരു തത്ത്വശാസ്ത്രത്തിന്റെ അടിത്തറയുള്ളതിനാൽ

സമരമല്ല, സമാധാനമായിരുന്നു താല്പര്യം.

കൊല്ലം എസ്.എൻ. വിമെൻസ് കോളേജിലാണ് പഠിച്ചത്. അവിടെ മതിൽകെട്ടിനകത്തു നടക്കുന്ന സാധ്യതകൾ മാത്രമായിരുന്നു അവിടത്തെ വിമോചനപ്രവർത്തനങ്ങൾ. 1975-ലെ അന്താരാഷ്ട്ര സ്ത്രീവർഷപ്രഖ്യാപനത്തോടനുബന്ധിച്ച് ടീച്ചർമാർ വന്നു പ്രസംഗിച്ചത് ആവേശം നൽകിയിരുന്നു. അവിടെ ഉണ്ടായിരുന്നത് സ്ഥാപനവത്കൃത പ്രോഗ്രാമുകളുടെ സാധ്യതകളായിരുന്നു. സ്ത്രീകോളജിലെ രാഷ്ട്രീയം അത്രയ്ക്ക് കണിശമായിരുന്നില്ല. അന്നൊക്കെ പരിഷത്തിന്റെ പല പരിപാടികളിൽ പങ്കെടുക്കുമായിരുന്നു. അന്ന് അമ്പലത്തിൽ പോവുകയെന്നത് കോളജിൽ നിന്നുമുള്ള ഒരു പുറത്തുപോകൽകൂടിയായിരുന്നു. പോയാൽ തൊഴാൻ ചമ്മലാണ്. മെൻസസ് ആയ ദിവസങ്ങളിലും അമ്പലത്തിൽ പോയിട്ടുണ്ട്.

അച്ഛൻ മുൻതൂക്കം നല്കിയത് പഠനം, ജോലി പിന്നീട് കല്യാണം എന്നതായിരുന്നു. സാമൂഹികമായ സമ്മർദ്ദം ഒരു ശല്യമായപ്പോഴാണ് നേരത്തെ പരിചയമുണ്ടായിരുന്ന മൈത്രേയനുമൊത്ത് ജീവിക്കാൻ തീരുമാനിച്ചത്. കുടുംബമല്ലാത്തൊരു ഇടം—ഗുരുകുലം പോലെയൊന്ന്— ആഗ്രഹിച്ചിരുന്നു. ഗുരുകുലത്തിലെ ചർച്ചകളിൽ ആൺ-പെൺ വ്യത്യാസമുണ്ടായിരുന്നില്ല. സ്ത്രീകളായിരുന്നു മുഖ്യമായും ചർച്ചകളിൽ പങ്കെടുത്തത്. ഒരുവേള സ്ത്രീകളുടെ അന്താരാഷ്ട്ര പ്രാതിനിധ്യം ഉള്ളതുകൊണ്ടുമാവാം.

അന്നൊക്കെ ഫെമിനിസത്തെക്കുറിച്ചുള്ള ആശയപരമായ ചർച്ചകൾക്ക് മുൻകൈ എടുത്തത് പുരുഷന്മാരായിരുന്നു. ഗംഗ, ജെ.ഗീത, ജയശ്രീ, സുജ, ഏലിയാമ്മ വിജയൻ, മേഴ്സി അലക്സാണ്ടർ ഇവരൊക്കെ ചേർന്ന് തുടങ്ങിയ പ്രചോദന ഒരു വർഷമേ സജീവമായിരുന്നുള്ളുവെങ്കിലും ശക്തമായ പ്രവർത്തനങ്ങൾ നടത്തി. ബലാത്സംഗക്കേസുകൾ, സ്ത്രീധന മരണം, സ്ത്രീപീഡനം ഇവയിലിടപ്പെട്ടു. മുസ്ലീംവനിതാബിൽ കത്തിച്ചു. അന്നു സംഘടനകൾക്ക് ലഭ്യമായ മാധ്യമശ്രദ്ധയും അതിന്റെ വിപണനമൂല്യവും മുതലെടുക്കാതെ പറ്റില്ലായിരുന്നു. മനുഷ്യാവകാശപ്രവർത്തകർ, മത്സ്യത്തൊഴിലാളി ഫെഡറേഷൻ, മഹിളാ അസോസിയേഷൻ ഇങ്ങിനെ പല സംഘടനകളുമായി ചേർന്ന് സ്ത്രീപ്രശ്നങ്ങളിൽ ഒരു പൊതുപ്ലാറ്റ്ഫോം കൊണ്ടുവരാനായി. മെഡിക്കൽ കോളജിൽ നിന്നും ബലാംത്സംഗക്കേസിന്റെ റിപ്പോർട്ട് എടുത്തത് പോലീസ്സ്റ്റേഷനിൽ ആധികാരികമായി സംസാരിക്കുവാൻ സഹായിച്ചു. ബലാംത്സംഗംചെയ്യപ്പെട്ടവരോടുള്ള ഡോക്ടർമാർ, നഴ്സുമാർ ഇവരുടെയൊക്കെ സമീപനം ഏറെ

സദാചാരപരമായിരുന്നു. അന്ന് സിദ്ധാന്തങ്ങളൊന്നും പഠിച്ചുകഴിഞ്ഞിട്ടില്ലാത്ത ഞങ്ങൾക്കീ അറിവ് ഞെട്ടിക്കുന്നതായിരുന്നു.

സ്ത്രീയെന്നനിലയിൽ രണ്ടാംതരം അനുഭവത്തിന്റെ മറികടക്കലിന് പുതിയ സാങ്കേതികവിദ്യകൾ, ഗ്ലോബലൈസേഷൻ ഇവയൊക്കെ സഹായിച്ചിട്ടുണ്ട്. വലിയൊരു സ്കെയിലിങ് പൺകുട്ടികൾക്ക് സാധ്യമാവുന്നത് മൂവ്മെന്റ് കാരണം മാത്രമല്ല. കഴിവുകൾക്ക് ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ സാധ്യതകൾ നിലനിൽക്കുന്നു. ഒരാളുടെ പെർഫോമൻസ് അവളുടെ കഴിവുമായും ബന്ധപ്പെട്ടിരിക്കും. യഥാർത്ഥ രാഷ്ട്രീയ അധികാരത്തിന്റെ മേഖലയിൽ ഇപ്പോഴും സ്ത്രീകൾ തീരുമാനമെടുക്കുന്നവരായിക്കഴിഞ്ഞിട്ടില്ല. അവിടെ ബോധപൂർവ്വമായ ഇടപെടലുകളുണ്ടാകണം. ലോകത്തിലെന്തിനെയും ഒതുക്കിത്തീർക്കാൻ ആവില്ല. എതിർപ്പുകൾക്കുള്ള ഇടം അതിനകത്തുതന്നെ ഉരുത്തിരിഞ്ഞുവരും. വൻജനസഞ്ചയമാണ് ശക്തി എന്നതൊരു പഴഞ്ചൻ മാർക്സിസ്റ്റാശയമാണ്. ആശയങ്ങളുണ്ടാവുക, ആശയസംഘട്ടനമുണ്ടാവുക ഇതാണ് ആരോഗ്യകരം. ഇടപെടലുകളുടെ സമയത്ത് യോജിപ്പികളുണ്ടായിവരും, അത് താൽക്കാലികവുമായിരിക്കും. പോലീസ് അതിക്രമങ്ങളോടുള്ള എതിർപ്പുകൊണ്ടാണ് ജനം കൺവെൻഷനിൽ പങ്കെടുക്കുന്നത്. അല്ലാതെ ആദിവാസി/ലൈംഗിക തൊഴിലാളികളുടെ പ്രശ്നങ്ങളോടുള്ള താല്പര്യം കൊണ്ടാവണമെന്നില്ല. യോജിപ്പുകൾ ഉണ്ടാകുന്നതും വിയോജിപ്പുകൾ വന്നു പിരിയുന്നതും സ്വാഭാവികമാണ്.

ജെൻഡർ പ്രശ്നങ്ങൾക്ക് ജനകീയാടിത്തറ ഉണ്ടാക്കാമെന്നു കരുതി ശാസ്ത്രസാഹിത്യപരിഷത്തിൽ പ്രവർത്തിക്കാൻ തീരുമാനിച്ചു. സ്വതന്ത്രസംഘമായി നിലനിൽക്കണമെന്ന അഭിപ്രായമുള്ളവരും ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. വലപ്പാടുവെച്ച് പരിഷത്ത് നടത്തിയ ആദ്യത്തെ വനിതാശിബിരത്തിൽ പങ്കെടുത്തു. ജനകീയാരോഗ്യം എന്ന മേഖലയിൽ പരിഷത്ത് നല്ലൊരു അവസരമായിരുന്നു. സ്വതന്ത്രസംഘടനകൾ ഉണ്ടാക്കിയ ഇടവും ഉയർത്തിയ ചോദ്യങ്ങളും പരിഷത്ത്/ഇടതുപക്ഷ, പൊതുധാരാസംഘടനകൾ ഏറ്റെടുക്കുമെന്നു കരുതി.

വനിതാകലാജാഥയോടൊപ്പം വയനാട്ടിൽപോയി. സാക്ഷരതാ-ആരോഗ്യമേഖലകളിൽ പ്രവർത്തിക്കാനായി ആറുമാസത്തോളം വയനാട്ടിലുണ്ടായിരുന്നു. 1190-ൽ അച്യുതമേനോൻ സെന്ററിൽ ഡോക്ടർ രാമൻകുട്ടിയുടെ കീഴിൽ പൊതു ആരോഗ്യപ്രൊജക്ടിൽ പ്രവർത്തിച്ചു. പരിഷത്ത് എന്നെയപ്പോൾ സ്റ്റേറ്റ്കമ്മിറ്റിയിലെടുത്തു. ധാരാളം വിഷയങ്ങൾ മനസ്സിലാക്കാനുള്ള അവസരമുണ്ടായി. ഒന്നരവർഷത്തിനുശേഷം

കമ്മ്യൂണിറ്റി മെഡിസിനിൽ പോസ്റ്റ് ഗ്രാഡ്വേഷൻ ചെയ്യാനായി പൂണെയിൽ പോയി. സി.ആർ. സോമൻ, ഡോക്ടർ രാമൻകുട്ടി ഇവരോടൊപ്പം സെക്ഷ്വാലിറ്റിയെക്കുറിച്ചൊരു പഠനവും നടത്തി. ഇതിലൂടെ ജനറൽ ആശുപത്രിയിൽ 'ആത്മഹത്യാ തടയൽ' പ്രൊജക്റ്റിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു. രോഗികളെ കാണാനും സംസാരിക്കാനും പരിശോധിക്കാനും കഴിഞ്ഞു. സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിന്റെ KRPLLD കമ്മിറ്റിയിലുമുണ്ടായിരുന്നു.

പിന്നീട് FIRM എന്ന എൻ.ജി.ഒ. സംഘടന രൂപീകരിച്ചു. Blindness Control Societyയിൽ പ്രവർത്തിച്ചു. ഓട്ടോ ഡ്രൈവർമാർക്കുള്ള ഇന്റെൻസീവ് എച്ച്.ഐ.വി അവയർനെസ് പരിശീലനം നല്കി. പൂണെയിൽ നിന്നും തിരിച്ചുവന്നപ്പോൾ സ്ത്രീവേദിയിൽ സജീവമായി. ഇടതുപക്ഷഭരണം വന്നപ്പോൾ വിമൻസ് ഡെവലപ്മെന്റ് കമ്മിറ്റിയിൽ എടുത്തിരുന്നു. തൃശ്ശൂരിലെ സെക്ഷ്വാലിറ്റി ചർച്ചകൾ കഴിഞ്ഞപ്പോൾ സൂര്യനെല്ലി പ്രശ്നത്തിൽ ഇടപെട്ടിരുന്നു. എം.എൽ.എ.ബസ്സിനുനേരെ കരിങ്കൊടി കാണിച്ചു, കോടതിയിൽ മുദ്രാവാക്യം വിളിച്ചു. ഓരോഘട്ടത്തിലും പ്രശ്നങ്ങൾ ഉന്നയിക്കുന്നതാണ് നമ്മുടെ ദൗത്യം. അന്തിമവിജയം എന്നത് എന്താണ്? അങ്ങനെയൊന്നില്ല.

അക്കാലത്ത് സാമൂഹികമായ പ്രശ്നങ്ങളിലിടപെട്ട സ്ത്രീകൾ പിന്നീട് തൊഴിൽമേഖലയിലായാലും കുടുംബത്തിലായാലും ആത്മവിചിന്തനത്തോടുകൂടിയാണ് ഇടപെട്ടിട്ടുണ്ടാവുക എന്നും ഞാൻ കരുതുന്നു. ഞാൻ എന്നെ കാണുന്നത് ഒരു സാമൂഹ്യപ്രവർത്തക എന്നതിലുപരി ഏജൻസിയും അധികാരവുമുള്ള ഒരാളായിട്ടാണ്. ജെൻഡർ, സെക്ഷ്വാലിറ്റി മേഖലകളിൽ കുറേക്കൂടി പ്രാപ്തി കൈവന്നു. എനിയ്ക്ക് കൂടുതൽ ഊർജ്ജവും ജൈവികതയും തോന്നിയത് വീട്ടമ്മമാരോട് സംസാരിക്കുമ്പോഴായിരുന്നില്ല, ലൈംഗികത്തൊഴിലാളികളോടു സംസാരിക്കുമ്പോഴായിരുന്നു. സെക്സ് വർക്കേഴ്സിനിടയിൽ അവരുടെ അവകാശങ്ങൾക്കായി ഹെൽപ്പ്ഗ്രൂപ്പുകൾ ഉണ്ടാക്കുമ്പോൾ അവരതിന് സീരിയലുകളിലെ പോപ്പുലർ കഥാപാത്രങ്ങളുടെ പേരുകൾ നൽകുമായിരുന്നു.

സ്ത്രീകളുടെ ലൈംഗികാനുഭവത്തെക്കുറിച്ചുള്ള പഠനം ചെയ്യുമ്പോൾ പുരുഷന്മാരെപ്പോലെ തുറന്ന, പൊടിപ്പുംതൊങ്ങലുംവെച്ച, വിവരണങ്ങൾ ഉണ്ടാകാറില്ല. സ്ത്രീകൾക്ക് അവരുടെ ലൈംഗികാനുഭവം തുറന്നു പറയാൻതന്നെ മടിയാണ്. അത്തരം സന്ദർഭങ്ങളിൽ ഒരു ഡോക്ടർ എന്ന പ്രതിച്ഛായ സഹായകമായി. പിന്നീട് കേരളയൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർത്ഥിയുമായിച്ചേർന്ന് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ

Antici patory Crisis Intervention എന്ന പഠനം നടത്തി.

ഗുരുകലത്തിൽനിന്നും ആത്മീയമായ ഒരു ശരീരത്തെക്കുറിച്ചായിരുന്നു മനസ്സിലാക്കിയത്. പിന്നീട് Our Bodies Our selves എന്ന പുസ്തകം വായിക്കുകയും ചർച്ചചെയ്യുകയുമുണ്ടായി. ശരീരത്തിന്റെ സങ്കല്പനങ്ങളെക്കുറിച്ച് സംസാരിച്ചു. ഭൗതികതലത്തിൽ ശരീരത്തെ മനസ്സിലാക്കയത് മറ്റൊരാനന്ദമായിരുന്നു. ശരീരത്തെ ഇഷ്ടപ്പെടേണ്ടതുണ്ട് എന്ന അറിവു നല്കുന്നത് ഫെമിനിസമാണ്. 'സെക്ഷ്വൽ അദർ' ആണ് ലൈംഗിക തൊഴിലാളികൾ. അവരെക്കുറിച്ചറിയാനേറെ താല്പര്യമുണ്ടായിരുന്നു. അവരെ 'രക്ഷിക്കുക'യായിരുന്നില്ല താല്പര്യം.

ഗുരുകലത്തിൽനിന്നും മൈത്രേയനോടൊത്തുള്ള ജീവിതമാരംഭിച്ചപ്പോൾ നല്ല സ്ത്രീയിൽനിന്നും പെട്ടെന്ന് ചീത്തസ്ത്രീ എന്ന 'സ്ഥാനക്കയറ്റം' കിട്ടി. മെഡിക്കൽ കോളജിലും അതുവരെ എന്നോടുണ്ടായിരുന്ന സമീപനത്തിൽ മാറ്റംവന്നു. എന്നിരിക്കിലും ഞാൻ വിവാഹം കഴിക്കാതെ ഒരുമിച്ചുതാമസിച്ചത് അന്ന് അറിയപ്പെടുന്ന ഒരാളായ മൈത്രേയന്റെകൂടെയായിരുന്നുവെന്നതിന്റെ ആനുകൂല്യങ്ങളുമുണ്ടായിരുന്നു. കേരളത്തിൽ ലൈംഗികത ചർച്ചചെയ്യപ്പെട്ട സന്ദർഭം പ്രധാനമാണ്. വ്യക്തിപരമായ അന്വേഷണവും സാമൂഹികമായ സാഹചര്യവും ഒത്തുവന്നു. HIV യുമായ ബന്ധപ്പെട്ടും ഫെമിനിസ്റ്റ് മുന്നേറ്റവുമായി ബന്ധപ്പെട്ടും ലൈംഗികത ചർച്ചചെയ്യപ്പെട്ടു. രണ്ടിലും ഞാൻ പ്രവർത്തിച്ചിരുന്നുവല്ലോ. യോനിയെക്കുറിച്ചുള്ള എല്ലാ വാക്കുകളും (അധികവും തെറിവാക്കുകളായിരുന്നു) ക്രോഡീകരിച്ച്/ലൈംഗികതൊഴിലാളികളുമായി സംവദിക്കുവാനായി ഇതു ടൈപ്പുചെയ്യാൻ കൊടുത്ത സ്ഥലത്തുള്ളവർ പറഞ്ഞത് 'ഇനി ഈ മെഷീനുകൾ എത്ര പ്രാവശ്യം സ്പിരിറ്റ് ഉപയോഗിച്ച് കഴുകണം' എന്നായിരുന്നു.

HIV മേഖലയിൽ ഏറെ മുന്നോട്ടുപോയിട്ടും ഫെമിനിസ്റ്റ് സംഘടനകളിൽ വളരെ പരിമിതമായേ ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ നടന്നുള്ളൂ. സെക്സ് വർക്കേഴ്സിനിടയിലെ പ്രവർത്തനം ഒരു കുതിച്ചുചാട്ടം പോലെയായിരുന്നു. ഒരു മാധ്യവർഗമാന്യത പൊളിയാനിതു സഹായിച്ചു. ആന്ധ്രയിൽ പ്രവർത്തിക്കുമ്പോൾ മനസ്സിലായത് അവിടെ ലൈംഗികത്തൊഴിലിന് ഒരു സംസ്കാരമുണ്ടെന്നാണ്. കലയുമായി ബന്ധപ്പെട്ട ഒരു സംസ്കാരം. കലാവന്തലു എന്ന ദേവദാസിമാർ നർത്തകികളാണ്. അതായത് ലൈംഗിക തൊഴിലിലേർപ്പെടുന്ന കലാവന്തലുവിഭാഗം. പ്രഭുകുടുംബങ്ങളിലെ കല്ല്യാണങ്ങൾക്ക് ഇവരിപ്പോഴും ഡാൻസ് ചെയ്യാൻ പോകും. കലാവന്തലു സമുദായത്തിലെ പെൺകുട്ടികളെ അവരുടെ

രക്ഷിതാക്കൾ ലൈംഗിക തൊഴിലാളികളാക്കുകയോ കല്ല്യാണം കഴിപ്പിച്ചുവിടുകയോചെയ്യും. കേരളത്തിൽ ഇത്തരത്തിലൊരു സംസ്കാരമുണ്ടോ എന്ന് സംശയമാണ്.

ലൈംഗികത്തൊഴിലാളികൾ സേവനം നല്കുന്നു കാശുവാങ്ങുന്നു. വീട്ടമ്മമാർ സേവനം നല്കുന്നു കാശുകിട്ടുന്നില്ല. എല്ലായ്പ്പോഴും എല്ലാവരും Object അല്ല. ഈ ഫീൽഡിലുള്ളവർ എല്ലായ്പ്പോഴും പീഡിതരല്ല. അവർ മറുത്തുപറയാൻ തുടങ്ങുമ്പോൾതന്നെ Object അല്ലാതെയാകും. നിശ്ശബ്ദരാക്കപ്പെടുമ്പോഴാണ് പീഡിതരാവുന്നത്. അവരെ പുരുഷന്മാർ മാത്രമല്ല ഫെമിനിസ്റ്റുകളും വസ്തുവത്കരിക്കുന്നുണ്ട്. മധ്യവർഗ ആശയങ്ങളായ ഏകബന്ധ, ആദർശകുടുംബം പോലുള്ളവയ്ക്കാണ് ലോകത്ത് പ്രചുരപ്രചാരമുള്ളത്. ഭൗതികസാഹചര്യങ്ങൾ മാറി വന്നാൽ കാര്യങ്ങൾ വ്യത്യസ്തമാവുക തന്നെ ചെയ്യും.